# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്തചോദ്യം നം.449 | 27.09.2011 -ൽ മറുപടിയ്ക്ക് |
|---|---|

**കെ.എസ്.എസ്.എം മുഖേന എൻഡോസൾഫാൻ ദുരിതമേഖലകളിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1). എൻഡോസൾഫാൻ മൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാവാതെ വീട്ടിൽ കഴിയുന്നവരുമായവർക്ക് 2000/- രൂപ നിരക്കിലും എൻഡോൾഫാൻ ദുരിതബാധിതരായ തുടർ ചികിത്സ ആവശ്യമായുള്ളവർക്ക് 1000/- രൂപ നിരക്കിലും പ്രതിമാസ ധനസഹായം നൽകി വരുന്നു. ഇതുവരെ 3771 പേർക്ക് 2011 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | (2). എൻഡോസൾഫാൻ ദുരിതബാധിതരായി 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ സൗജന്യ ചികിത്സയ്ക്കായി കാസർഗോഡ് ജില്ലാ ആശുപത്രിയ്ക്കും ജനറൽ ആശുപത്രിയ്ക്കും സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രത്യേക ഫണ്ട് അനുവദിച്ച് സൗജന്യ ചികിത്സ നൽകി വരുന്നു. കൂടാതെ എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവരുടെചികിത്സയ്ക്കായി കാസർഗോഡ് ജില്ലാ കളക്ടർക്ക് ആദ്യഘട്ടമെന്ന നിലയിൽ പത്തു ലക്ഷം രൂപ കേരള സാമൂഹ്യ സുരക്ഷ മിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.<br>(3). എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 അദ്ധ്യയന വർഷത്തിൽ 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപ വീതവും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2000/- രൂപ വീതവും 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2500/- രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായമായി സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. ഇതുവരെ 2523 കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. ടി ധനസഹായം യഥാക്രമം 2000/-, 3000/-, 4000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.എസ്.എം മുഖേനയുള്ള എൻഡോസൾഫാൻ ദുരിതബാധിതമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള എൻഡോസൾഫാൻ ദുരിതമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നാളിതുവരെ 6,40,93,197/- രൂപ ചെലവഴിച്ചു. ഈ സർക്കാർ അധികാരമേറ്റതിനുശേഷം 4,38,70,592/- രൂപയാണ് ചെലവഴിച്ചത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുതിയ ഏതെങ്കിലും പദ്ധതി കെ.എസ്.എസ്.എം മുഖേന നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാര മേറ്റതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 അദ്ധ്യയന വർഷത്തിൽ 1 മുതൽ 7 വരെ ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപ വീതവും 8 മുതൽ 10 വരെ ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2000/- രൂപ വീതവും 11, 12 ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2500/- രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായമായി സുരക്ഷാ മിഷനിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. ഇതുവരെ 2523 കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് വേണ്ടി മാത്രമായി 37,70,381/- രൂപ ചെലവഴിച്ചു. ടി ധനസഹായം യഥാക്രമം 2000/-, 3000/-, 4000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

R. Vijayakumar

സെക്ഷൻ ഓഫീസർ